# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 206

28.01.2019- ൽ മറുപടിയ്ക്ക്

### ജയിൽ ഭക്ഷണ വില്പന ഔട്ട് ലെറ്റുകളുടെയും മൊബൈൽ ഔട്ട് ലെറ്റുകളുടെയും പ്രവർത്തന സമയം

| ചോദ്യം<br>ഡോ. എം.കെ. മുനീർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | "ഫുഡ് ഫോർ ഫ്രീഡം" എന്ന പേരിലുള്ള ജയിൽ ഭക്ഷണ വില്പന ഔട്ട് ലെറ്റുകളുടെയും മൊബൈൽ ഔട്ട് ലെറ്റുകളുടെയും പ്രവർത്തന സമയം സംബന്ധിച്ച് കൃത്യത ഇല്ലാത്തതു കാരണം ഭക്ഷണം വാങ്ങാൻ വരുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് മനസിലാക്കി, കൃത്യമായ പ്രവർത്തന സമയം രേഖപ്പെടുത്തുന്നതിന് ജയിൽ മേധാവിക്ക് ഗവൺമെന്റ് നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന് നിർദ്ദേശം നൽകിയ കത്തിന്റെ പകർപ്പ് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | ഈ സംവിധാനം നിലനിർത്തുന്നതിനും കൃത്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്ന - തിനുമായി വീഴ്ചകളെ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ ? | (ബി) | ജയിൽ ഭക്ഷണ വിൽപ്പന ഔട്ട് ലെറ്റുകളുടെ കൃത്യമായ പ്രവർത്തനത്തിൽ വീഴ്ചകൾ വരുത്തുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അടിയന്തരം

**കേരള സർക്കാർ**

നം.ബി2/556/2018/ആഭ്യന്തരം

ആഭ്യന്തര (ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 27.11.2018

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
തിരുവനന്തപുരം

മാഡം,

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ- 28.11.2018 ലെ നിയമസഭാ ചോദ്യം നം. 219 (ഫുഡ് ഫോർ ഫ്രീഡം) - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന : 24.11.2018, 27.11.2018 എന്നീ തീയതികളിലെ P2-26293/2018/PrHQ നമ്പർ കത്തുകൾ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൃത്യമായ പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടില്ലാത്ത ജയിൽ ഭക്ഷണ വിൽപ്പന ഔട്ട് ലെറ്റുകളിൽ കൃത്യമായ സമയ ക്രമം രേഖപ്പെടുത്തി പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വിപണനം നടത്തുന്നതിനുള്ള നടപടികൈക്കൊണ്ട് വിവരം അടിയന്തിരമായി സർക്കാരിൽ അറിയിക്കുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ആർ. ഷീലാറാണി,
അഡീഷണൽ സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ